Established by C.V. Kunjuraman as a Periodical in 1911

# ആശ്വാസം! മനംനൊന്ത പ്രാർത്ഥന സഫലമായി

തിരുവനന്തപുരം: അബോധാവസ്ഥയിലാണെങ്കിലും കെ.എസ്.ഇ.ബി മുൻ ചെയർമാൻ രാമഭദ്രൻനായരുടെ അരികത്തുനിന്ന് ഭാര്യ മായ മാറി നിൽക്കാറില്ല. പിഞ്ചു കുഞ്ഞിനെ പരിചരിക്കുന്ന കരുതലോടെയാണ് ഭർത്താവിനെ രോഗക്കിടക്കയിൽ ശുശ്രൂഷിക്കുന്നത്. ഇടിത്തീപോലെ വന്ന ഇടമലയാർ വിധി വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിൽ മായയെ ആകെ തകർത്തു. "അദ്ദേഹം കള്ളത്തരങ്ങൾക്കു കൂട്ടു നിൽക്കുന്ന യാളാണെന്ന് ഞാൻ കരുതുന്നില്ല" – തടവുശിക്ഷയിൽ നിന്ന് രാമഭദ്രൻനായരെ ഒഴിവാക്കിയ സുപ്രീംകോടതി വിധിയറിഞ്ഞപ്പോൾ മായ പറഞ്ഞു.

ശാസ്തമംഗലത്തെ വസതിയിൽ രാമഭദ്രൻനായരും ഭാര്യയും മാത്രമാണുള്ളത്. കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മായയുടെ സഹോദരൻ അഡ്വ.ഗോപകുമാർ കൂടെയുള്ളതാണ് ആശ്വാസം.

ഇന്നലെ രാവിലെ പത്തരയ്ക്ക് ഗോപകുമാറാണ് രാമഭദ്രൻനായരെ ശിക്ഷയിൽ നിന്ന് ഒഴിവാക്കിയ സുപ്രീംകോടതിയുടെ തീരുമാനം മായയെ വിളിച്ചറിയിച്ചത്. "എന്തായാലും ഈ വിധിയിൽ ആശ്വാസമുണ്ട്. ശിക്ഷിക്കപ്പെട്ട വാർത്തയറിഞ്ഞതു മുതൽ എന്തെന്നില്ലാത്ത ടെൻഷനായിരുന്നു". മനംനൊന്ത പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി–മായ പറയുന്നു.

54 വർഷം മുൻപാണ് ഇവരുടെ വിവാഹം. അഞ്ചു വർഷമായി അൽഷിമേഴ്സ് ബാധിച്ച് രാമഭദ്രൻനായർ അബോധാവസ്ഥയിലാണ്. കേസും ശിക്ഷാവിധിയുമൊന്നും ഉൾക്കൊള്ളാനുള്ള ബോധം എന്നേ ആ മനസിനെ വിട്ടകന്നിരിക്കുന്നു.

രണ്ടു മക്കളാണ് ഈ ദമ്പതികൾക്ക്. മകൻ റിട്ട. ലഫ്റ്റനന്റ് കേണൽ എസ്.ആർ. നായർ ദുബായിലാണ്. മറ്റൊരു മകൻ ഡോ. അനൂപ് ആർ. നായർ അബുദാബിയിലും.



*ഇടമലയാർ കേസിൽ ആർ. ബാലകൃഷ്ണപിള്ളയോടൊപ്പം ശിക്ഷിക്കപ്പെട്ട കെ.എസ്.ഇ.ബി മുൻ ചെയർമാൻ രാമഭദ്രൻനായർ രോഗാവസ്ഥയിൽ. പത്നി മായ സമീപം*

## പി.കെ. വാര്യരുടെ നവതി വിപുലമായി ആഘോഷിക്കും

മലപ്പുറം: കോട്ടയ്ക്കൽ ആര്യവൈദ്യശാലാ മാനേജിംഗ് ട്രസ്റ്റിയും പ്രധാന വൈദ്യനുമായ പി.കെ. വാര്യരുടെ തൊണ്ണൂറാം പിറന്നാളിനോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികൾ നടത്തുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

പൊതുസമ്മേളനം, അഭിവാദ്യം, സ്മരണിക എന്നിവയ്ക്കു പുറമെ വിവിധ ഗ്രന്ഥങ്ങളുടെ പ്രകാശനവും രണ്ട് സെമിനാറുകളും സംഘടിപ്പിക്കും. ആർഭാടങ്ങൾ ഒഴിവാക്കി പഠനഗവേഷണരംഗത്തിനു ഊന്നൽ നൽകിയുള്ള പരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. വാര്യരുടെ പിറന്നാൾ ദിനമായ ജൂൺ അഞ്ചിന് പൊതുസമ്മേളനത്തിൽ രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ സംബന്ധിക്കും. ആഹാരത്തിന്റെ ശാസ്ത്രീയതയെ സംബന്ധിച്ചും ഔഷധ നിർമ്മാണത്തിലും ചികിത്സാ പദ്ധതിയിലും ഉണ്ടായ മാറ്റങ്ങളെക്കുറിച്ചുമുള്ളതാണ് സെമിനാറുകൾ. പ്രബന്ധങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കും.



*ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ ഉത്സവത്തിന് തന്ത്രി കണ്ഠരര് രാജീവര് കൊടിയേറ്റുന്നു*

# വരുന്നു പരീക്ഷാ നാളുകൾ

തിരുവനന്തപുരം: ഇനി പരീക്ഷയുടെ നാളുകൾ. മാർച്ച് 14ന് എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകൾ ആരംഭിക്കും. 458887 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷയെഴുതും. പ്രൈവറ്റ് ആയി 4752 ഉം. പരീക്ഷ 26ന് അവസാനിക്കും. എട്ടര ലക്ഷം വിദ്യാർത്ഥികളാണ് ഹയർസെക്കൻഡറി പരീക്ഷയെഴുതുന്നത്. ഒന്നും രണ്ടും വർഷ പരീക്ഷകളിലായി അരലക്ഷത്തിലധികം വിദ്യാർത്ഥികൾ വി.എച്ച്.എസ്.സി പരീക്ഷയെഴുതും.

വെള്ളി, ഞായർ ദിവസങ്ങളിൽ പരീക്ഷ ഉണ്ടായിരിക്കില്ല. വിശ്വാസപരമായ കാരണങ്ങളാൽ ശനിയാഴ്ച പകൽ പരീക്ഷയെഴുതുന്നതിൽ അസൗകര്യം പ്രകടിപ്പിച്ച 10 വിദ്യാർത്ഥികൾക്കായി എസ്.എസ്.എൽ.സി പരീക്ഷ ആ ദിവസം വൈകിട്ട് 6.45 മുതൽ നടത്തും.

എല്ലാ ദിവസവും ഉച്ചയ്ക്ക് 1.45 നാണ് പരീക്ഷ നടക്കുക. 2 മണിവരെ കൂളിംഗ് ഓഫ് പിരീഡ് ആയിരിക്കും. ഇംഗ്ലീഷ്, മാത്സ്, സോഷ്യൽ സയൻസ് എന്നീ പരീക്ഷകൾ രണ്ടര മണിക്കൂറും മറ്റ് ആറ് പരീക്ഷകൾ ഒന്നര മണിക്കൂറും നീണ്ടുനിൽക്കും. ഇത്തവണ ഒരു ക്ളാസ്റൂമിൽ 20 വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തും.

കഴിഞ്ഞ തവണ 16 വിദ്യാർത്ഥികളെ മാത്രമേ ഇരുത്തിയിരുന്നുള്ളൂ. ഇതുകാരണം ഇൻവിജിലേറ്റർമാരുടെ എണ്ണം 30,000 ൽ നിന്ന് 23,400 ആയി കുറച്ചിട്ടുണ്ട്.

പരീക്ഷയ്ക്കാവശ്യമായ ചോദ്യക്കടലാസുകളെല്ലാം ട്രഷറികളിലും സ്റ്റേറ്റ് ബാങ്കുകളിലും എത്തിച്ചുകഴിഞ്ഞു. ഇത്തവണ 2732 കേന്ദ്രങ്ങളിലാണ് പരീക്ഷ നടക്കുക. ഗൾഫിൽ 511 വിദ്യാർത്ഥികളും ലക്ഷദ്വീപിൽ 1055 വിദ്യാർത്ഥികളും പരീക്ഷ എഴുതും. തിരുവനന്തപുരത്തെ പട്ടം സെന്റ്മേരീസ് ഹയർസെക്കൻഡറി സ്കൂളാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തുന്നത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന ജില്ല മലപ്പുറ (72556) വും കുറവ് വയനാട് ജില്ല( 11069) യും ആണ്.

എസ്.എസ്.എൽ.സി പരീക്ഷയുടെ മൂല്യനിർണയം ഒന്നാം ഘട്ടം ഏപ്രിൽ 1 മുതൽ 9 വരെയും 16 മുതൽ 20 വരെയും നടക്കും.

എൻജിനിയറിംഗ് പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ 50 ശതമാനം മാർക്ക് വേണമെന്ന് നിഷ്കർഷയുള്ളതിനാൽ ഹയർസെക്കൻഡറി പരീക്ഷയിൽ ഈ വിഷയങ്ങൾക്ക് ഇരട്ടമൂല്യനിർണയം നടത്തും. ഐ.ടി അറ്റ് സ്കൂളിന്റെയും എൻ.ഐ.സിയുടെയും സഹായത്തോടെയാവും മാർക്കുകൾ പ്രസിദ്ധീകരിക്കുക. എൻട്രൻസ് കമ്മിഷണർക്ക് ഈ വിഷയങ്ങളുടെ മാർക്ക് വിവരങ്ങൾ നൽകും. മേയ് 12ന് മുമ്പ് റിസൽട്ട് പ്രഖ്യാപിക്കും. ഈ മൂന്ന് വിഷയങ്ങളിൽ 12 പേജുള്ള ഉത്തരക്കടലാസ് ആയിരിക്കും നൽകുക. ഇതിന്റെ ഒന്നാം പേജിൽ ബാർ കോഡ് സംവിധാനം ഉണ്ടായിരിക്കും.

വിദ്യാർത്ഥികൾക്ക് പുതിയ പരിഷ്കാരങ്ങളെക്കുറിച്ചുണ്ടാകുന്ന സംശയം ദൂരീകരിക്കാൻ സ്കൂളുകളിൽ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചതായി ഹയർസെക്കൻഡറി ഡയറക്ടർ വി.എം. സുനന്ദകുമാരി പറഞ്ഞു.

## അനധികൃത അനാഥാലയങ്ങൾക്ക് എതിരെ നടപടി

കൊച്ചി: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് എതിരെ കർശന നടപടി സ്വീകരിക്കാൻ ആന്റി ട്രാഫിക്കിംഗ് സെൽ തീരുമാനിച്ചു. ഇത്തരം സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനാവും തുടക്കത്തിൽ ശ്രമിക്കുക. സംസ്ഥാനത്തൊട്ടാകെ 1674 അംഗീകൃത അനാഥാലയങ്ങളുണ്ട്. ഇവിടങ്ങളിൽ പാർപ്പിക്കാനുള്ള കുട്ടികളെ പോലും ലഭിക്കാത്ത സാഹചര്യത്തിലാണ് അനധികൃത അനാഥാലയങ്ങൾ തഴച്ചു വളരുന്നത്.

ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികളെ വിൽപ്പന ചരക്കാക്കി പരസ്യങ്ങളിൽ അഭിനയിപ്പിക്കുന്നത് ജുവനൈൽ ആക്ട് പ്രകാരം തടയും. ബാലവേല, പ്രായപൂർത്തിയാകാത്ത കുട്ടികളെ ലൈംഗിക പീഡനത്തിന് ഇരയാക്കൽ, അന്യസംസ്ഥാനങ്ങളിലേക്ക് പണിയെടുക്കാൻ അയയ്ക്കുക, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ ഇവിടെ കൊണ്ടുവന്ന് ചൂഷണത്തിന് ഇരയാക്കുക, തുടങ്ങിയവയ്ക്കെതിരെ നടപടി സ്വീകരിക്കുകയാണ് ആന്റി ട്രാഫിക് സെല്ലിന്റെ ചുമതലയെന്ന് നോഡൽ ഓഫീസർ ഡി. ഐ.ജി ശ്രീജിത്ത് കേരള കൗമുദിയോട് പറഞ്ഞു.

Vol. No. 101 Issue No. 69 R.No.3052/57 (R.No.KL/TV(N) 72/2009-11 ) Printed and Published by M.S. Ravi from Kaumudi Buildings, Trivandrum-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Trivandrum. Phone: **2461010, 2461050, 3941050,** Fax: 3078979 e-mail: news @ keralakaumudi.com Editor: M.S. Madhusoodanan. Managing Editor : Deepu Ravi. (Responsible for selection of news under the PRB Act) Editor-in-Chief: M.S. Mani